**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** **09-02-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അതിഥി തൊഴിലാളികൾ മാതൃ സംസ്ഥാനത്ത് നിന്ന് വരുമ്പോഴും പോകുമ്പോഴും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പ്രസ്തുത വിവരം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അതിഥി തൊഴിലാളികൾ മാതൃ സംസ്ഥാനത്ത് നിന്ന് വരുമ്പോഴും പോകുമ്പോഴും ടി ആളുകളുടെ പേരും മറ്റ് വിവരങ്ങളും Migrant Labour Register-ലും മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ എന്നിവ ഡാറ്റാ ഷീറ്റിലും രേഖപ്പെടുത്തി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്നുണ്ട്. |
| (ബി) | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി ഇതര സംസ്ഥാനത്ത് നിന്നും എത്തിയ എത്ര അതിഥി തൊഴിലാളികളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് എണ്ണം നൽകുമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെ അതിഥി തൊഴിലാളികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് താഴെ കൊടുക്കുന്നു. |

| പഞ്ചായത്ത് | എണ്ണം |
|---|---|
| വാമനപുരം | 250 |
| നെല്ലനാട് | 500 |
| പുല്ലമ്പാറ | 150 |
| പാങ്ങോട് | 150 |
| കല്ലറ | 60 |
| പെരിങ്ങമല | 22 |
| നന്ദിയോട് | 16 |
| പനവൂർ | 74 |
| ആനാട് | 21 |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലവിലുള്ള അതിഥി തൊഴിലാളികൾ പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. വെഞ്ഞാറമൂട് ബിസ്മി ലോഡ്ജ് മാർക്കറ്റിനു സമീപം വാടകയ്ക്ക് താമസിക്കുന്ന അബ്ദുൾ അസീസ്, വയസ് 48, S/o ഹാജി എം.എ. മൊഹിദീൻ, (സോണിപ്ലാസ, ഫസ്റ്റ് ഫ്ലോർ, അനീസുദീൻ റോഡ് ബന്ദർ, മാംഗ്ളൂർ, ദക്ഷിണ കന്നഡ, മാംഗ്ളൂർ, കർണാടക) എന്നയാൾ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ: 878/22 |

| | | | |
|---|---|---|---|
| | | | U/s 341 IPC & 12 r/w 11(iv) of POCSO Act കേസ്സിലെ പ്രതിയാണ്. |

സെക്ഷൻ ഓഫീസർ